## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5220** **27.06.2019 - ൽ മറുപടിക്ക്.**

## നാശനഷ്ടങ്ങൾ നേരിട്ട റേഷൻ കടകൾക്ക് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സജി ചെറിയാൻ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) പ്രളയത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായ എല്ലാ റേഷൻ കടകൾക്കും നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;<br><br>(ബി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം റേഷൻ കടകൾക്കാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (എ) യും (ബി) യും 24.08.2018 ലെ സ.ഉ(സാധാ)നം. 436/18/ഭ.പൊ.വിവ. പ്രകാരം പൊതുവിതരണ കേന്ദ്രങ്ങൾ (റേഷൻ കടകൾ) പ്രവർത്തിപ്പിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന പ്രളയബാധിത പ്രദേശത്താണ് റേഷൻ കടകൾ പ്രവർത്തിക്കുന്നതെങ്കിൽ, വെള്ളം കയറാത്ത ഉയർന്ന സ്ഥലങ്ങളിലുള്ള പൊതുസ്ഥാപനങ്ങളോ, സ്വകാര്യ കെട്ടിടങ്ങളോ സൗകര്യപ്പെടുത്തി അവിടെ നിന്നും റേഷൻ വിതരണം നടത്തുന്നതിനുള്ള ഏർപ്പാടുകൾ ക്രമീകരിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ സഹായത്തോടെ ജില്ലാ സപ്ലൈ ഓഫീസർമാർ/ താലൂക്ക് സപ്ലൈ ഓഫീസർമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രളയകാലത്ത് വെള്ളം കയറിയ റേഷൻ കടകളിലെ ഉപയോഗയോഗ്യമായ സാധനങ്ങൾ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റുക, ഉപയോഗശൂന്യമായവ മറവ് ചെയ്യുക എന്നിവയ്ക്കും റേഷൻ കടകൾ ശുചീകരിച്ച് പ്രവർത്തനം പുനരാരംഭിക്കുന്നതിനുമായി 90,00,000/- രൂപയും ഉപയോഗശൂന്യമായ റേഷൻ സാധനങ്ങളുടെയും ഉപകരണങ്ങളുടെയും (ഇ-പോസ്, ഇലക്ട്രോണിക് ത്രാസ്) നഷ്ടം വന്നതിലൂടെ 1.24 കോടി രൂപയും, അങ്ങനെ ആകെ 2.14 കോടി രൂപ ചെലവ് വന്നിട്ടുണ്ട്. പ്രസ്തുത തുക ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നത് സംബന്ധിച്ച ശുപാർശ റവന്യൂ വകുപ്പിൽ നൽകിയെങ്കിലും തീരുമാനമായിട്ടില്ല. |

ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് റേഷൻ സാധനങ്ങൾ നൽകിയതിൽ ചെലവായ 64.82 ലക്ഷം രൂപ സംസ്ഥാന ദുരിതാശ്വാസ നിധിയിൽ നിന്നും ലഭ്യമായിട്ടുണ്ട്.

ചെങ്ങന്നൂർ താലൂക്കിൽ പ്രളയത്തിൽ നഷ്ടം സംഭവിച്ച റേഷൻ കടകൾ താഴെ ചേർക്കുന്നു.

1, 6, 9, 10, 11, 12, 13, 14, 17, 19, 21, 25, 27, 32, 34, 36, 37, 46, 54, 55, 65, 66, 68, 95, 96, 97, 98, 99, 100, 101, 102, 103, 104, 105, 110, 114, 119, 120, 121, 122, 124, 125, 126, 130, 133, 135, 138, 142, 150, 151.

മാവേലിക്കര താലൂക്കിൽ പ്രളയം മൂലം നഷ്ടം സംഭവിച്ച കടകൾ താഴെ പറയുന്നവയാണ്.

31, 44.

**സെക്ഷൻ ഓഫീസർ**